LIBRARY ARCHIVES Kerala Legislative Assembly

പാഠപുസ്തക വിതരണം

81 (1158) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷം അവസാനിക്കുവാൻ ചുരുങ്ങിയ ദിവസങ്ങൾ മാത്രം അവശേഷിക്കുമ്പോഴും പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിസ്തുമസ് പരീക്ഷയ്ക്ക് മുൻപ് പാഠപുസ്തക വിതരണം പൂർത്തീകരിയ്ക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30-10-2015-നകം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുള്ള പക്ഷം അതിനു വേണ്ടിയുള്ള ഇൻഡന്റ് 7-12-2015-നകം നൽകാനും അതനുസരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്. മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പാഠപുസ്തക അച്ചടി

82 (1159) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ലാസുകളിലുള്ള വിദ്യാർത്ഥികളുടെ പാഠപുസ്തക അച്ചടി പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് മാസമാണ് അച്ചടി പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പുസ്തകങ്ങളാണ് ഇനിയും അച്ചടിച്ച് നൽകാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ?